**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4310** — **18-03-2025 - ൽ മറുപടിയ്ക്ക്**

**ചാവക്കാട് സ്വകാര്യ വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിലെ മിനി ഗൾഫ് എന്നറിയപ്പെടുന്ന ചാവക്കാട് പ്രവാസികളുടെ നിക്ഷേപം പ്രയോജനപ്പെടുത്തി സ്വകാര്യ വ്യവസായ പാർക്കുകളും ചെറുകിട വ്യവസായ സംരംഭങ്ങളും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (എ) | നടപടി സ്വീകരിച്ചു വരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു<br><br>ചാവക്കാട് താലൂക്ക് പരിധിയിൽ വരുന്ന ഗുരുവായൂർ നിയോജക മണ്ഡലത്തിൽ പ്രവാസി നിക്ഷേപം പ്രയോജനപ്പെടുത്തി വിവിധ സർക്കാർ ഏജൻസികളുടെ പദ്ധതികളിലൂടെ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഒരു കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപം വരുന്ന സംരംഭങ്ങളെ പ്രത്യേകമായി ജില്ലയിലെ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെൽ ഫോളോ അപ്പ് ചെയ്തുവരുന്നുണ്ട്. 11 കോടി മുതൽ മുടക്കിൽ ചാവക്കാട് ആരംഭിച്ചിട്ടുള്ള ഇന്ത്യയിലെ ഏറ്റവും വലിയ public aquarium ആയ Marine World, 23 കോടി രൂപ നിക്ഷേപം നടത്തി കൊണ്ട് ചാവക്കാട് മുൻസിപ്പാലിറ്റി പരിധിയിൽ ഉടൻ ആരംഭിക്കുന്ന Admire Retreat & convention Centre എന്നിവ മണ്ഡലത്തിലെ പ്രവാസി നിക്ഷേപ സംരംഭങ്ങളാണ്.<br><br>സ്വകാര്യ വ്യവസായ പാർക്ക് അടക്കമുള്ള വിവിധ സംരംഭക പ്രോത്സാഹന പദ്ധതികളിൽ പ്രവാസികൾക്ക് പ്രത്യേക പരിഗണന നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ